## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 356 | 27.02.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളെ ശക്തിപ്പെടുത്തൽ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ബാബു** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളെ ശക്തിപ്പെടുത്തുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) അംഗൻവാടികളെ ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. സ്വന്തമായി കെട്ടിമില്ലാത്തവയും സ്ഥലമില്ലാത്തുമായ അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്താനും കെട്ടിട നിർമ്മാണത്തിനുമുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. മാതൃകാ അംഗൻവാടി കെട്ടിടനിർമ്മാണം<br>3. വർഷത്തിൽ രണ്ടുതവണ അംഗൻവാടി പ്രവേശനോത്സവം സംഘടിപ്പിക്കുന്നു.<br>4. അംഗൻവാടികളിൽ സമഗ്രമാറ്റം കൊണ്ടു വരുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>5. നിലവിലെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>6. അംഗൻവാടി ഗ്രേഡിംഗ് സംവിധാനം, തീംചാർട്ട് അടിസ്ഥാനമാക്കിയുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) അംഗൻവാടികളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ? | (ബി) അംഗൻവാടികളിലൂടെ നൽകി വരുന്ന സേവനങ്ങൾ ചുവടെപ്പറയുന്നതാണ്<br>1. അനൗപചാരിക വിദ്യാഭ്യാസം<br>2. അനുപൂരക പോഷകാഹാരം<br>3. വളർച്ചാ നിരീക്ഷണം<br>4. പ്രതിരോധ കുത്തിവയ്പ്പ്<br>5. ആരോഗ്യ പരിശോധന<br>6. പരാമർശ സേവനങ്ങൾ |

സെക്ഷൻ ഓഫീസർ